ഭരണഭാഷ-മാതൃഭാഷ

അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001
ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042

ഇ-മെയിൽ : directorprinting@yahoo.com

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: എ. ജയിംസ് രാജ്)

തിരുവനന്തപുരം
നമ്പർ. 16731/2020/ഇ 3/ഡിപി തീയതി. 22/10/2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ രണ്ടാം ഗ്രേഡ് ബൈന്റർ ശ്രീ. ജോസ് ശീലാസ്. എസ് നെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

അച്ചടി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ രണ്ടാം ഗ്രേഡ് ബൈന്റർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. ജോസ് ശീലാസ്. എസ് സമൂഹ മാധ്യമങ്ങളിലൂടെ നിരന്തരം അച്ചടി വകുപ്പിനെയും വകുപ്പ് അദ്ധ്യക്ഷനെയും അധിക്ഷേപിക്കുകയും അധിക്ഷേപകരമായ ഉള്ളടക്കം പ്രസിദ്ധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ഉത്തരവാദപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന് യോഗ്യമല്ലാത്തവിധം സഭ്യമല്ലാത്ത ഭാഷയിൽ ആക്ഷേപിക്കുകയും സംസാരിക്കുന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ വകുപ്പിലെ അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലെ 20/10/2020 ന് പുറപ്പെടുവിച്ച പ്രൊമോഷൻ ഉത്തരവ് സംബന്ധിച്ചും ധിക്കാരപരവും അനുചിതവുമായിട്ടുള്ള സന്ദേശമാണ് പോസ്റ്റ് ചെയ്തിട്ടുള്ളത്. ടിയാന്റെ ഇത്തരം പ്രവൃത്തികൾ അതീവ ഗുരുതരമാണ് എന്ന് കാണാവുന്നതാണ്.

ശ്രീ. ജോസ് ശീലാസ്. എസ് ഉത്തരവാദപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ തികഞ്ഞ അജ്ഞതയുള്ള വ്യക്തിയും സർക്കാർ വകുപ്പിൽ പാലിക്കേണ്ട സാമാന്യ മര്യാദകളും സംഭാഷണത്തിൽ ഉൾപ്പെടെ (സഭ്യമല്ലാത്ത സംസാരശൈലി) പാലിക്കാത്ത വ്യക്തിയുമാണ്.

മേൽ സാഹചര്യത്തിൽ 1960 ലെ KCS & CCA ചട്ടം10 പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ രണ്ടാം ഗ്രേഡ് ബൈന്റർ ശ്രീ. ജോസ് ശീലാസ്. എസ് നെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും ഉടനടി പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷൻ കാലയളവിൽ ടി ജീവനക്കാരന് ചട്ട പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

അച്ചടി വകുപ്പ് ഡയറക്ടർ

ശ്രീ. ജോസ് ശീലാസ്. എസ് , രണ്ടാം ഗ്രേഡ് ബൈന്റർ,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം
(ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം മുഖേന)

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് ഇ I/ ഇ II/
ഇ 6 സീറ്റ്/ഐ.റ്റി സെൽ/ഫയൽ/കരുതൽ ഫയൽ.